(ബി) ഈ എകാംഗ ട്രഷറി വഴി പെൻഷൻകാർക്ക് പെൻഷൻ വിതരണം നടത്തി വരുന്നു.

(സി) ഇല്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

ചാലക്കുടി നഗരത്തിൽ സ്ഥാപിച്ച പനമ്പിള്ളി ഗോവിന്ദമേനോന്റെ പൂർണ്ണകായ പ്രതിമ

60 [4780] ശ്രീ. വി. സി. കബീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി നഗരത്തിൽ 'പനമ്പിള്ളി സ്മാരക ട്രസ്റ്റ്' പനമ്പിള്ളി ഗോവിന്ദമേനോന്റെ പൂർണ്ണകായ പ്രതിമ സ്ഥാപിച്ചിട്ടുണ്ടോ;

(ബി) ഇതുമായി ബന്ധപ്പെട്ട് സാമ്പത്തിക വിഷമം നേരിട്ട ട്രസ്റ്റ് സെക്രട്ടറി ശ്രീ. വാസുദേവനുണ്ണിയുടെ സാമ്പത്തിക സഹായത്തിനുള്ള അപേക്ഷ ലഭിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ സ്വന്തം കിടപ്പാടം വിറ്റ് നാലരലക്ഷത്തിലധികം രൂപ ഇക്കാര്യത്തിനുവേണ്ടി ചെലവിട്ട ട്രസ്റ്റ് സെക്രട്ടറിക്ക് സാമ്പത്തിക സഹായം നൽകാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി, സി) ചാലക്കുടി നഗരത്തിൽ പനമ്പിള്ളി ഗോവിന്ദമേനോന്റെ പ്രതിമ സ്ഥാപിക്കുന്നതിനായി പനമ്പിള്ളി സ്മാരക ട്രസ്റ്റിന് 24-2-1994-ലെ ജി.ഒ. (ആർ.റ്റി.) 1418/94/ജി.എ.ഡി. പ്രകാരം 2 ലക്ഷം രൂപ രണ്ടു ഗഡുക്കളായി അനുവദിക്കുകയുണ്ടായി. ഈ തുകയിൽ ആദ്യത്തെ ഗഡുവായ ഒരു ലക്ഷം രൂപ 24-11-1994-ലെ ജി.ഒ.(ആർ.റ്റി.) 9311/94/ജി.എ.ഡി. പ്രകാരം അനുവദിച്ചു. രണ്ടാമത്തെ ഗഡുവായ ഒരു ലക്ഷം രൂപ 12-5-2000-ലെ ജി.ഒ. (ആർ.റ്റി.) 3794/2000/ജി.എ.ഡി. പ്രകാരം അനുവദിച്ചു. ഈ തുകയ്ക്കുള്ള ഡി.ഡി. സെക്രട്ടറി ശ്രീ. വാസുദേവനുണ്ണി കൈപ്പറ്റിയെങ്കിലും ട്രസ്റ്റ് ഭാരവാഹികൾ തമ്മിലുള്ള പ്രശ്നങ്ങൾ നിമിത്തം ഒരു ലക്ഷം രൂപ യഥാസമയം മാറ്റിയെടുക്കാതെ ലാപ്സാകുകയുണ്ടായി. സർക്കാർ അനുവദിച്ച തുകപോലും മാറിയെടുക്കാൻ കഴിയാത്തവിധം ആഭ്യന്തര കലഹം നിലനിൽക്കുന്ന ട്രസ്റ്റിന് ഇനിയും സാമ്പത്തിക സഹായം അനുവദിക്കുന്ന കാര്യം പരിഗണിക്കാൻ തല്ക്കാലം നിർവ്വാഹമില്ല. ട്രസ്റ്റിലെ മേൽപ്പറഞ്ഞ കാര്യങ്ങൾ ചൂണ്ടിക്കാട്ടി തനിക്ക് സാമ്പത്തിക സഹായം അനുവദിക്കണമെന്ന് അഭ്യർത്ഥിച്ച് ശ്രീ. വാസുദേവനുണ്ണി ഫയൽ ചെയ്ത 20538/02 നമ്പർ ഒ.പി. ബഹു. ഹൈക്കോടതിയുടെ പരിഗണനയിലാണ്.

കൃഷിവകുപ്പിന്റെ പ്രവർത്തനങ്ങൾക്കായി ചെലവഴിച്ച തുക

61 [4785] ശ്രീ. കെ. പി. രാജേന്ദ്രൻ:
" എൻ. രാജൻ:
" പി. എസ്. സുപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) 2002-2003 വർഷം കൃഷിവകുപ്പന്റെ വിവിധ പ്രവർത്തനങ്ങൾക്കായി എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഏതൊക്കെ മേഖലകളിലാണ് ചെലവഴിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(സി) വിവിധ മേഖലകളിൽ കൃഷിവകുപ്പിനനുവദിച്ചിട്ടുള്ള സംഖ്യ ചെലവഴിച്ചിട്ടില്ല എന്നത് ശരിയാണോ; എങ്കിൽ എത്ര കോടി രൂപ നഷ്ടപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) 2002-2003 വർഷം കേന്ദ്ര സർക്കാരിൽനിന്നും കൃഷിവകുപ്പിന് ലഭിച്ച സഹായമെത്ര; ഏതൊക്കെ മേഖലകൾക്കാണ് ഈ തുക അനുവദിച്ചതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 2002-2003 വർഷത്തിൽ കൃഷിവകുപ്പ് വിവിധ പദ്ധതികൾക്കായി പദ്ധതിയിനത്തിൽ 12047.86 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ പ്രധാനപ്പെട്ട വിളകളുടെ ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനായി താഴെ പറയുന്ന മേഖലകളിലാണ് തുക ചെലവഴിച്ചിട്ടുള്ളത്:

1. നെൽകൃഷി വികസന പരിപാടികൾ
2. നാളികേര വികസന പരിപാടികൾ
3. സുഗന്ധ വ്യഞ്ജനവിള പരിപാടികൾ
4. കശുമാവ് കൃഷി വികസന പരിപാടികൾ
5. പച്ചക്കറി കൃഷി വികസന പരിപാടികൾ
6. ഫലവർഗ്ഗ വികസന പരിപാടികൾ
7. പൂകൃഷി വികസനം
8. ചെറുകിട യന്ത്രവൽക്കരണം
9. വിള ഇൻഷ്വറൻസ്
10. മണ്ണ് പരിശോധനാ സേവനം
11. നീർമറി വികസന പരിപാടി
12. വിവര സാങ്കേതിക വിദ്യ
13. കാർഷിക വിജ്ഞാന വ്യാപനം
14. സസ്യ സംരക്ഷണ പ്രവർത്തനങ്ങൾ
15. നടീൽ വസ്തുക്കളുടെ ഉൽപ്പാദനവും വിതരണവും
16. സംയോജിത വളപ്രയോഗ രീതി
17. എള്ള്, പയർ, നിലക്കടല വികസനം
18. ബയോടെക്നോളജി
19. കാർഷിക വിപണനം
20. ബയോഗ്യാസ് വികസനം.

(സി) ശരിയാണ്. 2002-03 വർഷത്തിൽ 7.249 കോടി രൂപ ചെലവഴിക്കാൻ സാധിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) 2002-03 വർഷം കേന്ദ്ര സർക്കാരിൽനിന്നും താഴെ പറയുന്ന ഇനങ്ങൾക്കായി 29,49,973 ലക്ഷം രൂപ ലഭിച്ചിട്ടുണ്ട്:

	ഇനം		രൂപ (ലക്ഷത്തിൽ)
1.	എണ്ണക്കുരു വികസന പദ്ധതി	..	25.00
2.	എണ്ണപ്പന വികസന പദ്ധതി	..	5.00
3.	പയറു വികസന പദ്ധതി	..	4.00
4.	ചെറുകിട നാളികേര കൃഷി സംയോജിത പദ്ധതി	..	492.65
5.	കാർഷിക വൃത്തിയിൽ സ്ത്രീ പങ്കാളിത്തം	..	12.20
6.	ഹോർട്ടികൾച്ചറൽ മേഖലയിൽ മനുഷ്യശേഷി വികസനം	..	2.00
7.	ബയോഗ്യാസ് വികസന പദ്ധതി	..	9.128
8.	മാക്രോമാനേജ്മെന്റ് പദ്ധതികൾക്കായി മൊത്തം	..	2400.00

(നെൽകൃഷി വികസനം, കുരുമുളക് വികസനം, മറ്റ് സുഗന്ധ വ്യഞ്ജന വികസനം, കശുമാവ് വികസനം, പച്ചക്കറി വികസനം,ഫലവർഗ്ഗ വികസനം, കാർഷിക വിജ്ഞാന വ്യാപനവും പരിശീലനവും, കാർഷിക മേഖലയിൽ സ്ത്രീ പങ്കാളിത്തം, സോയിൽ ആന്റ് പ്ലാന്റ് ഹെൽത്ത് ക്ലീനിക്, ബയോടെക്നോളജി, കാർഷിക മേഖലയിൽ പ്ലാസ്റ്റിക്കിന്റെ ഉപയോഗം, ദേശീയ നീർമറി വികസന പരിപാടി, ഔഷധ സസ്യ കൃഷി പരിപാടി)

പച്ചക്കറിയുടെ ഉൽപ്പാദനക്ഷമത

62 [4789] ശ്രീ. ഡൊമിനിക് പ്രസന്റേഷൻ:
„ കെ. എ. ചന്ദ്രൻ:
„ സി. പി. മുഹമ്മദ്:
„ എം. എ. ചന്ദ്രശേഖരൻ:
„ ജോർജ്ജ് ജെ. മാത്യു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പച്ചക്കറിയുടെ ഉൽപ്പാദനക്ഷമത എത്രയാണ്;

(ബി) സ്വന്തം വീടുകളിൽ നടത്തുന്ന പച്ചക്കറി കൃഷിയുടെ പ്രോൽസാഹനാർത്ഥം എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നു;

(സി) പച്ചക്കറി വിത്തുകളും തൈകളും വളവും വിതരണം ചെയ്യാൻ എന്തെല്ലാം പദ്ധതികളുണ്ട് എന്നു വിശദമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് പച്ചക്കറിയുടെ ഉൽപ്പാദനക്ഷമത 10—15 ടൺ ആണ്.

LIBRARY ARCHIVES Kerala Legislative Assembly